# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3138 24.02.2016 - ൽ മറുപടിയ്ക്ക്

## കേരള ഷോളയാറിൽ ലഭിക്കേണ്ട വെള്ളം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ബി. ഡി. ദേവസ്സി | | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) പറമ്പിക്കുളം- ആളിയാർ കരാർ പ്രകാരം കേരള ഷോളയാറിൽ ലഭിക്കേണ്ട വെള്ളം ഈ വർഷം തമിഴ്നാട് നൽകിയിട്ടുണ്ടോ എന്ന് അറിയിക്കാമോ; | (എ) | പറമ്പിക്കുളം- ആളിയാർ പദ്ധതി (പി.എ.പി) കരാർ പ്രകാരം ചാലക്കുടി നദീതടത്തിൽ നിന്നും ഓരോ ജലവർഷവും 12.3 ടി.എം.സി. ജലം കേരളത്തിന് ലഭിക്കേണ്ടതും പ്രസ്തുത ജല വിഹിതം കേരള ഷോളയാർ പവർഹൗസിൽ അളന്നു പുറത്തു വിടേണ്ടതുമാണ്. നടപ്പ് ജലവർഷ (2015-16) ത്തിൽ 15.02.2016 വരെ 5856.94 എം.സി.എഫ്.റ്റി ജലം കേരള ഷോളയാറിൽ വൈദ്യുതോല്പാദനത്തിനു ശേഷം പൊരിങ്ങൽക്കുത്തിലേക്ക് ഒഴുക്കിവിട്ടിട്ടുണ്ട്. കൂടാതെ ഉപയോഗയോഗ്യമായ 3849 എം.സി.എഫ്.റ്റി ജലം കേരള ഷോളയാർ റിസർ വോയറിൽ ലഭ്യമാണ്. ശേഷിക്കുന്ന 2594.06 എം.സി.എഫ്.റ്റി ജലം 2016 ജൂൺ 30 വരെയുള്ള കാലയളവിൽ ലഭിക്കേണ്ടതാണ്, (Own catchment yield + Tamil Nadu release). ഇക്കാലയളവിൽ പവർഹൗസ് 1 പ്രവർത്തിപ്പിക്കുകയില്ലെന്നും, ജലം കേരള ഷോളയാറിലേക്ക് ലഭ്യമാക്കാമെന്നും 96-ാമത് സംയുക്ത ജല ക്രമീകരണ സമിതി (JWRB) യോഗത്തിൽ തമിഴ്നാട് അധികൃതർ അറിയിച്ചിട്ടുണ്ട്. |

(..2)

(ബി) ചാലക്കുടിപ്പുഴയിലെ വേനൽക്കാല ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി കരാർ പ്രകാരം ജലം ലഭ്യമാക്കുന്നതിനും കേരള ഷോളയാറിൽ നിന്നും ജലം താഴേക്ക് കൃത്യമായി ലഭ്യമാക്കുന്നതിനും, ഷോളയാറിൽ നിന്നും ലഭിക്കുന്ന ജലം ഉപയോഗിച്ച് പെരിങ്ങൽകുത്തിൽ നിന്നും ആവശ്യമായ അളവിൽ പരമാവധി ജലനിർഗമനം ഉറപ്പുവരുത്തുന്നതിനും ആവശ്യമായ ഇടപെടലുകളും, നടപടികളും സർക്കാർ സ്വീകരിക്കുമോ?

(ബി) ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. നടപ്പ് ജലവർഷ (2015-16) ത്തിന്റെ തുടക്കം മുതൽക്കുതന്നെ കേരള സർക്കാരും, കേരള ജലസേചന വകുപ്പും, കേരള സംസ്ഥാന വൈദ്യുതി ബോർഡും കേരള ഷോളയാറിൽ കരാർ വ്യവസ്ഥകൾ പാലിക്കണമെന്ന് നിർ ദ്ദേശിച്ചുകൊണ്ട് തമിഴ്നാട്ടിലെ ബന്ധപ്പെട്ട അധികാരികൾക്ക് കത്ത് നൽകിയിട്ടുണ്ട്. കൂടാതെ 2016 ജനുവരി മാസം 19-ന് നടന്ന 96-ാ മത് സംയുക്ത ജല ക്രമീകരണ സമിതി (JWRB) യോഗത്തിൽ; നടപ്പ് (2015-16) ജലവർഷത്തിൽ കേരള ഷോളയാറിൽ തമിഴ്നാട് നടത്തിയ കരാർ ലംഘനങ്ങൾ കേരളത്തിന്റെ പ്രതിനിധികൾ ചൂണ്ടിക്കാട്ടുകയും അതിന്മേൽ കേരളത്തിന്റെ കടുത്ത അതൃപ്തി രേഖപ്പെടുത്തുകയും നടപ്പ് ജല വർഷത്തിന്റെ ശേഷിക്കുന്ന കാലയളവിൽ പി.എ.പി കരാർ വ്യവസ്ഥകൾ നിർബന്ധമായും പാലിക്കണമെന്ന് ശക്തമായി ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. കരാർ പ്രകാരം കേരളത്തിന് അർഹതപ്പെട്ട ജലം ലഭ്യമാക്കുന്നതിന് കേരളത്തിന്റെ പ്രതിനിധികളുടെ നിർ ദ്ദേശം കൂടി പരിഗണിച്ച് സാദ്ധ്യമായ നടപടികൾ സ്വീകരിക്കാമെന്ന് തമിഴ്നാട് അധികൃതർ പ്രസ്തുത യോഗത്തിൽ അറിയിച്ചിട്ടുണ്ട്. നടപ്പ് ജലവർഷത്തിലെ ശേഷിക്കുന്ന കാലയളവിൽ പി.എ.പി കരാർ വ്യവസ്ഥകൾ പ്രകാരമുള്ള ജലം ലഭ്യമാക്കുന്നതിനുവേണ്ടി സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിക്കണമെന്നുള്ളതാണ് സർക്കാർ നിലപാട്.

കേരള ഷോളയാറിൽ ലഭ്യമായ ജലത്തിൽ നിന്നും വൈദ്യുതോല്പാദനത്തിനു ശേഷം പൊരിങ്ങൽക്കുത്തിലേക്ക് ജലം ലഭ്യമാക്കുന്നതിനും പൊരിങ്ങലിലെ വൈദ്യുതോല്പാദനത്തിനു ശേഷം ചാലക്കുടിപ്പുഴയിലേക്ക് ജലം ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടത് കേരള സംസ്ഥാന വൈദ്യുതി ബോർഡാണ്.

പി.എ.പി കരാർ പ്രകാരം കേരളത്തിന് ലഭിക്കേണ്ടുന്ന ജലവിഹിതം ലഭ്യമാക്കുന്നത് സംബന്ധിച്ച് സംസ്ഥാന വൈദ്യുതി ബോർഡ് ലഭ്യമാക്കിയ നിർ ദ്ദേശങ്ങൾ തമിഴ്നാട് സർക്കാരിന്റെ ശ്രദ്ധയിൽ പ്പെടുത്തുന്നതിനും ഇക്കാര്യത്തിലുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിന് ജാഗ്രത പുലർത്തുവാൻ സംസ്ഥാന വൈദ്യുതി ബോർഡിനോട് അഭ്യർത്ഥിക്കുന്നതിനും, നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് സംസ്ഥാന വൈദ്യുതി ബോർഡ് അറിയിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**